**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1022** **06-10-2021 - ൽ മറുപടിയ്ക്ക്**

**പൊന്നാനി മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി മണ്ഡലത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിവരിക്കുമോ; ഏതെല്ലാം പ്രോജക്ടുകളാണ് നിലവിലുള്ളതെന്നറിയിക്കുമോ? | (എ) | പൊന്നാനി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം (കിണർ, പമ്പ് ഹൗസ്, 50 എംഎൽഡി ശുദ്ധീകരണശാല, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തൃക്കണാപുരം ടാങ്കിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിങ് മെയിൻ മുതലായവ) പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട് . പൊന്നാനി മുനിസിപ്പാലിറ്റിയിലുള്ള ടാങ്കുകളും, വിതരണ ശൃംഖലകളും ഉൾപ്പെടുന്ന 124.88 കോടി രൂപയുടെ രണ്ടാംഘട്ട പ്രവർത്തികളുടെ ഭരണാനുമതി കിഫ്ബിയുടെ പരിഗണനയിലാണ് . പൊന്നാനി മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ താഴെ പറയുന്ന പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട് . 1. ആലംകോട് പഞ്ചായത്തിൽ 7850 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവർത്തി പുരോഗമിച്ചുവരുന്നു. 2. മാറാഞ്ചേരി പഞ്ചായത്തിൽ 95 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു . 3. നന്നംമുക്ക് പഞ്ചായത്തിൽ 170 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു . 7304 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന രണ്ടാം ഘട്ട പ്രവർത്തികൾക്ക് 1350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. 4 . പെരുമ്പടപ്പ് പഞ്ചായത്തിൽ 90 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. 5. വെളിയംകോട് പഞ്ചായത്തിൽ 90 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു . 6. വെളിയംകോട്, മാറാഞ്ചേരി പെരുമ്പടപ്പ് പഞ്ചായത്തുകളിലായി 21942 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനായി 22246 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . മേൽ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പൊന്നാനി നിയമസഭ മണ്ഡലത്തിലെ മുഴുവൻ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ